വചനവിചിന്തനം- 2010 മെയ് 30 ഞായർ.

ലൂക്കാ 7: 36 - 50

I. **സുവിശേഷഭാഗം അവതരിപ്പിക്കുന്ന രണ്ടു കഥാപാത്രങ്ങൾ:-** ശിമയോനും പാപിനിയായ സ്ത്രീയും. ആനുകാലിക ക്രൈസ്തവ സമൂഹത്തിന്റെ പരിച്ഛേദം നാമിവിടെ ദർശിക്കുന്നു.

1. **ശിമയോൻ** - പ്രകടനപരമായ വിശ്വാസത്തിന്റെ പ്രതീകമാണിയാൾ. ഭൗതീക നേട്ടങ്ങൾ, വീട്, ജോലി, സമൂഹത്തിലെ ഉന്നത പദവികൾ, ബഹുമാനങ്ങൾ ഇവയൊക്കെ ദൈവാനുഗ്രഹങ്ങളായി ഗണിക്കുകയും അതിന്റെ നന്ദിയെന്നോണം പള്ളിയിലും, സംഘടനകളിലും, പൊതുപരിപാടികളിലുമൊക്കെ നല്ല വിശ്വാസിയായി ഓടി നടക്കുകയും, ദൈവം എന്റെ/ഞങ്ങളുടെ സ്വന്തം ആളാണ് എന്ന് നടിക്കുകയും ചെയ്യുന്ന ഒരു കൂട്ടം ആളുകൾ. ദൈവത്തോടും സഭയോടും അവർ പുലർത്തുന്ന ആന്തരീക വിശ്വസ്തത എത്രമാത്രമുണ്ടാകും? ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. ഹൃദയമാകട്ടെ, എന്നിൽ നിന്ന് വളരെ ദൂരെയാണുതാനും എന്ന പ്രവാചക വചനങ്ങളെ നാം മറന്നുകൂടാ.

2. **പാപിനിയായ സ്ത്രീ** - പദവികളില്ലാത്തവർ, പേരും പ്രശസ്തിയുമില്ലാത്തവർ, തെറ്റിദ്ധരിക്കപ്പെടുന്നവർ, സമൂഹം അവഗണിച്ചുകളയുന്നവർ... ഇവരുടെയൊക്കെ പ്രതീകം. പക്ഷെ ദൈവവുമായി ഗാഢബന്ധത്തിൽ ജീവിക്കുന്നവരും, ദൈവേഷ്ടം ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നവർ. ഇവർക്കിടയിലെവിടെയാണ് ദൈവം? - ടാഗോറിന്റെ ഗീതാഞ്ജലിയിലെ നമുക്കൊക്കെ പരിചിതമായ വാക്കുകൾ ഉച്ചത്തിലുയരുന്ന പ്രാർത്ഥനാഗീതങ്ങൾക്കും വർണ്ണവിഭൂഷിതമായ ദൈവാലയത്തിനുമപ്പുറെ പാറമടയിലും, വയലിലും ചോരനീരാക്കുന്ന മനുഷ്യർക്കിടയിലാണ് ദൈവം. ബാഹ്യമോടികളും പ്രകടനങ്ങളും അവഗണിച്ച് മനുഷ്യന്റെ ഹൃദയവിശുദ്ധിയും ആന്തരീക ഭാവങ്ങളും പരിഗണിക്കുന്നവനാണവിടുന്ന്.

II. കൂടുതൽ ക്ഷമിക്കപ്പെട്ടവർ കൂടുതൽ സ്നേഹിക്കണം :

കാര്യ സാധ്യങ്ങൾക്കുവേണ്ടി മാത്രം ഉപവാസവും, പ്രാർത്ഥനയും, ദാനധർമ്മാദികളുമനുഷ്ഠിക്കുന്ന 'ഭക്തജനങ്ങൾ' ക്കുമുമ്പിൽ സുവിശേഷഭാഗമുയർത്തുന്ന വെല്ലുവിളി വളരെ വലിയതാണ്. കൂടുതൽ ഇളച്ചു കിട്ടിയവൻ കൂടുതൽ സ്നേഹിക്കേണ്ടതുണ്ട്. മറ്റൊരു വിധത്തിൽ ചിന്തിക്കുമ്പോൾ കൂടുതൽ സ്നേഹിക്കപ്പെടാൻ കൂടുതൽ വിട്ടുവീഴ്ചകൾക്ക് തയ്യാറാകേണ്ടതുണ്ട്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാദ്ധ്യമല്ല എന്ന യോഹന്നാൻ ശ്ലീഹായുടെ വചനംതന്നെയാണിതിനടിസ്ഥാനം. ദൈവത്തെ കൂടുതൽ സ്നേഹിക്കാനും കൂടുതൽ അനുഗ്രഹിക്കപ്പെടാനും ആഗ്രഹിക്കുന്നവർ കൂടുതൽ എളിമപ്പെടലുകൾക്കുതയ്യാറായേ മതിയാകൂ.

വിശുദ്ധ ബലിയോടു ചേർത്തു ചിന്തിക്കുമ്പോൾ:- വി. ബലിയിലെ പങ്കാളിത്തം പോലും status symbol ആയി ഗണിക്കുന്ന മലയാളികളുണ്ട്. അധികം സ്നേഹിക്കപ്പെടാൻ ആഗ്രഹിക്കുന്നവൻ ബലിയണയ്ക്കുമ്പോൾ ആദ്യം ബലിവസ്തു താഴെവയ്ക്കണം. ബലിവസ്തു - ബലിയർപ്പണത്തിനായി വന്നു നിൽക്കുന്ന ഞാൻ തന്നെയാണ്. എന്റെ അധികാരങ്ങളും, ഭാവങ്ങളും, സമ്പത്തും , സ്വകാര്യതകളുമെല്ലാം താഴെ വയ്ക്കാൻ തയ്യാറാകണം.

എന്നോടു വിരോധമുള്ളവനെ തേടിയിറങ്ങുക - കുറേക്കൂടി എളിമയും, ത്യാഗവും ആവശ്യപ്പെടുന്ന സംഗതിയാണ്. ശിമയോന്റെ മുമ്പിൽ പാപിനിയായ സ്ത്രീയെ ക്രിസ്തു പ്രശംസിക്കാൻ കാരണവും അവളുടെ ഈ സ്വയം ശൂന്യവൽക്കരണം തന്നെ. വ്യവസ്ഥ കളില്ലാതെ എളിമപ്പെടാൻ തയ്യാറായതുകൊണ്ട് അവൾക്ക് കരുണയുടെ വർഷം ലഭിക്കു കയാണ്. ശിമയോനാകട്ടെ, അയാൾ നടത്തിയ വിരുന്നുപോലും പേരു നിലനിർത്താനാ യിരുന്നിരിക്കണം. നമ്മുടെയൊക്കെ ഷോകേസിലെ കാഴ്ച വസ്തുക്കൾ പോലെ നാട്ടിലെ അറിയപ്പെടുന്ന ഗുരു - ക്രിസ്തു -വിനെയും അയാൾ ഒരു പ്രദർശന ഇനമായി തരം താഴ്ത്തി - status നിലനിർത്താൻ!

വി. ബലിയർപ്പണവും മറ്റെല്ലാ ഭക്തകൃത്യങ്ങളും ഒരു സ്വയം വായനയ്ക്കുള്ള അവസരമാകട്ടെ. ഒപ്പം, ആരെയും മാറ്റി നിർത്തരുത് എന്ന ക്രിസ്തുവിന്റെ കരുണ നിറ ഞ്ഞ പാഠം കൂടിയുണ്ട് ഈ സുവിശേഷഭാഗത്തിൽ. അപരനിൽ ക്രിസ്തുവിനെ കാണാൻ, വേഷം മാറിയെത്തുന്ന ഗുരുവിന് സേവ ചെയ്യാൻ അവൻ അനുഗ്രഹമേകട്ടെ.

റവ.ഡീക്കൻ. തോമസ് രാമച്ചനാട്ട്.